**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 590 — 08.07.2014 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിലെ പരാതി പരിഹാരസെൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.റ്റി.ജോർജ്:<br>ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ: | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| (എ) | മോട്ടോർ വാഹന വകുപ്പിൽ പരാതി പരിഹാരസെല്ലിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഗതാഗത കമ്മീഷണറേറ്റിലും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 1.7.2013 മുതൽ പരാതി പരിഹാര സെൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം തലത്തിലാണ് സെല്ലുകൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഗതാഗത കമ്മീഷണറേറ്റിലും ആണ് സെല്ലുകൾ പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും വിലയിരുത്തുവാനും അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരേയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരേയും, ഗതാഗത കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പരാതി നൽകാൻ എന്തെല്ലാം സംവിധാനമാണ് സെല്ലുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | പരാതികൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ മുതലായവ പൊതുജനങ്ങൾക്ക് ബോധിപ്പിക്കുന്നതിനായി ഹെഡ് ക്വാർട്ടേഴ്സിലേയും എല്ലാ മേഖലാ ഓഫീസുകളിലേയും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേയും ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും മാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോൺ മുഖേനയും, ഇ-മെയിൽ മുഖേനയും പരാതികൾ നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പരാതികൾ സ്വീകരിച്ച എന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടുവാനും പരാതികൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | പരാതികൾ സ്വീകരിച്ച് കഴിഞ്ഞാൽ പരാതിക്കാരന് ഡോക്കറ്റ് നമ്പർ ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഡോക്കറ്റ് നമ്പർ ഉപയോഗിച്ച് പരാതിക്കാരന് തന്റെ പരാതിയുടെ തുടർ നടപടികളെക്കുറിച്ച് അറിയുവാൻ കഴിയുന്നതാണ്. പരാതികൾ ലഭിച്ച ഉടൻ തന്നെ അവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരാതി സംബന്ധിച്ച തുടർ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിക്കാരനെ അറിയിക്കുന്നതുമാണ്. പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുക വഴി സുതാര്യമാക്കുവാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നുണ്ട്. |
| (ഇ) | സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | പൊതുജനങ്ങൾക്ക് പരാതി നൽകുവാനായി മാധ്യമങ്ങൾ മുഖാന്തിരം ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കുവാനായി പത്രമാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ